പെൻഷൻകാരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്യണ മെന്നും കേന്ദ്ര സർക്കാർ പെൻഷൻകാരുടെ ഡി.എ. നിർത്താൻ ഭീഷണി മുഴക്കിയ ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ ശക്തമായി ഇടപെടണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സർവ്വീസ് പെൻഷൻകാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പെൻഷണേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ അതിന്റെ സാമ്പത്തിക ബാധ്യത തിട്ടപ്പെടു ത്തിയശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) തലശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ തലശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രി 450 കിടക്കകളുള്ള ഏറ്റവും വലിയ ജനറൽ ആശുപത്രിയാണ്. ഇപ്പോൾ അവിടെ 12 ഡോക്ടർമാരില്ല. ആവശ്യത്തിന് സ്റ്റാഫില്ല. അവിടെ സർജറി ഒന്നുംതന്നെ നടക്കുന്നില്ല. രോഗികൾക്ക് ഒരു ചികിൽസയും കിട്ടാത്ത അവസ്ഥയാണ്. ഉള്ള ഡോക്ടർമാർ തന്നെ ലീവെടുത്തു പോകുന്നു. ഈ സാഹചര്യത്തിൽ ആ ഗവൺമെന്റ് ആശുപത്രി വെറും ഒരു കെട്ടിടമായിട്ട് മാറുന്ന സാഹചര്യമാണുള്ളത്. തലശ്ശേരിക്കാർ ഇപ്പോൾ സമാധാനത്തിലാണ്. സമാധാന ലംഘനം മന്ത്രി ഉണ്ടാക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ സ്ഥിതിയിൽ പോയാൽ ഞങ്ങൾ എന്തെങ്കിലും ചെയ്യേണ്ടി വരും. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ട് ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ സമാധാന ലംഘനം ഉണ്ടാക്കുന്ന പ്രശ്നം ഒരിക്കലും ഉണ്ടാകുകയില്ല. രണ്ടാമത്തെ കാര്യം, അവിടെ 41 ഡോക്ടർമാരാണുള്ളത്. പക്ഷേ ആ 41 പേരിൽ 6 പേർ ഹ്രസ്വകാല അവധിയെടുത്ത് പോയിരിക്കുന്നു. 9 പേർ അൺ ആതറൈസ്ഡ് ലീവാണ്. സ്റ്റാഫ് നഴ്സുമാർ 107 പേരിൽ 105 പേർ ഉണ്ട്. ഈ സ്ഥിതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. ഇപ്പോൾ ഫിസിഷ്യൻ, സർജൻ, ഗൈനക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, അനസ്തറ്റിസ്റ്റ് എന്നീ സ്പെഷ്യാലിറ്റി മേഖലയിലുള്ള ഒഴിവുകൾ ഈ വിഭാഗത്തിലെ സ്പെഷ്യൽ ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് നികത്തുന്നുണ്ട്. പിന്നെ കെട്ടിടത്തിന്റെ കാര്യത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പുതുതായി അസിസ്റ്റന്റ് സർജനെ നിയമിക്കാൻ ബുദ്ധിമുട്ടാണ്. എന്നാലും കോൺട്രാക്ട് ബേസിസിൽ കഴിയുന്നത്ര ഡോക്ടർമാരെ നിയമിക്കുന്നതാണ്.

(4) ചാലക്കുടി നിയോജക മണ്ഡലത്തിലെ കൂടപ്പുഴ തടയണയുടെ നിർമ്മാണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ആറ് മാസംകൊണ്ട് പൂർത്തിയാക്കാവുന്ന ഒരു പ്രോജക്ടാണ് സാധാരണഗതിയിൽ ഒരു തടയണ എന്നാണ് എന്റെ അറിവ്. കൂടപ്പുഴ തടയണയുടെ പണി ആരംഭിച്ചിട്ട് 96 മാസങ്ങളായി. എട്ട് കൊല്ലം. പണി ചെയ്യുന്നവനും ചെയ്യിക്കുന്നവനും ഗുണഭോക്താക്കളും ജനപ്രതിനിധികളും വെള്ളത്തിലായതു മിച്ചം. ദയവായി ഒന്ന് കര കയറ്റണം. ഒരു കാര്യം കൂടി, ചാലക്കുടിയിലെ കൂടപ്പുഴ തടയണയുൾപ്പെടെ ചെറുതും വലുതുമായ, മേജർ ആൻറ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകൾ വഴി നടത്തേണ്ട മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഒരു ചർച്ച നടത്താമെന്ന് മിടുക്കനായ മന്ത്രി തന്നെ ഈ സഭയിൽ മറ്റൊരു അവസരത്തിൽ പറഞ്ഞിട്ടും ഒരു നടപടിയും ഉണ്ടായില്ല. ദയവായി കൂടപ്പുഴ തടയണയെങ്കിലും ഈ മഴക്കാലത്തിനു മുമ്പായി നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ ചുവപ്പുനാടയിൽ കുടുങ്ങാതെ ചെയ്തുതരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കൂടപ്പുഴ തടയണ 1996-ൽ ആരംഭിച്ചതാണ്. 12 മാസമാണ് അതിന്റെ പണി പൂർത്തിയാക്കാൻവേണ്ടി സമയം കൊടുത്തിരുന്നത്. പക്ഷേ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ഈ കരാറുകാരൻ പണി നിർത്തിവച്ചു. പിന്നീട് ഒരു നടപടിക്രമം ഉണ്ട്. ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ട് പുതിയ കരാറുകാരനെ ഏൽപ്പിക്കുക എന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ച് ടെർമിനേഷൻ നോട്ടീസ് ആയപ്പോൾ അയാൾ അഷ്വറൻസ് കൊടുത്തു, അയാൾ തന്നെ പണി ചെയ്യാം എന്ന്. അങ്ങനെ ചീഫ് എഞ്ചിനീയർ ഒരു അവസരം കൂടി അയാൾക്ക് കൊടുത്തു. ആ പെർമിഷൻ കിട്ടിയിട്ടും അയാൾ പണി ആരംഭിച്ചില്ല. ഇപ്പോൾ റിസ്ക് ആന്റ് കോസ്റ്റിൽ അയാളെ ടെർമിനേറ്റ് ചെയ്യാനുള്ള ഓർഡർ ആയിട്ടുണ്ട്. പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നുള്ള കാര്യം ഇപ്പോൾ പറയാൻ കഴിയില്ല. ചീഫ് എഞ്ചിനീയറോട് ചോദിച്ചശേഷം ബഹു. മെമ്പറെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly